## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3345 24.02.2016-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. കണ്ടക്ടർ നിയമനം

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ് : | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. കണ്ടക്ടർ നിയമനത്തിന് അഡ്വൈസ് മെമ്മൊ ലഭിച്ച് ഒരു വർഷമായിട്ടും നിയമനം ലഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; എത്രപേർക്ക് ഇനി നിയമനം ലഭിക്കാനുണ്ട് എന്നറിയിക്കാമോ; | (എ) | 05.11.2011-ൽ റിസർവ്വ് കണ്ടക്ടർമാരുടെ 8140 ഒഴിവുകൾ കെ.എസ്.ആർ.ടി.സി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിരുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരുടെയും, കണ്ടക്ടർമാരുടെയും ഒഴിവുകൾ നിശ്ചയിക്കുന്നത് ഓപ്പറേറ്റ് ചെയ്യുന്നതും പ്രാബല്യത്തിലുള്ളതുമായ ഷെഡ്യൂളുകൾക്ക് അനുസൃതമായിട്ടാണ്. ആയതനുസരിച്ച് കെ.എസ്.ആർ.ടി.സി.യിൽ 3,808 റിസർവ്വ് കണ്ടക്ടർമാരുടെ ഒഴിവുകളാണ് യഥാർത്ഥത്തിൽ ഉണ്ടായിരുന്നത്. ആയതിൽ തന്നെ 1,257 എണ്ണം നേരത്തെ കമ്മീഷൻ അഡ്വൈസ് ചെയ്തവർ ജോലിക്ക് ചേരാതിരുന്നതുമൂലം ഉണ്ടായ ഒഴിവുകളാണ്. ഈ ഒഴിവുകളെ സംബന്ധിച്ച് നേരത്തെ തന്നെ കോർപ്പറേഷൻ പബ്ലിക് സർവ്വീസ് കമ്മീഷനെ അറിയിച്ചിരുന്നതുമാണ്. സ്ഥിരമായി ഓടിക്കുന്ന ഷെഡ്യൂളുകൾക്കു പകരം പല കാരണങ്ങളാൽ ഒരിക്കലും ഓടിക്കാത്തതും സ്ഥിരമായി ക്യാൻസൽ ചെയ്യുന്നതുമായ ഷെഡ്യൂളുകളും, തുടർ വർഷങ്ങളിൽ തുടങ്ങാൻ സാദ്ധ്യതയുള്ള ഷെഡ്യൂളുകളും കണക്കിലെടുത്താണ് ഒഴിവുകളുടെ എണ്ണം നിർണ്ണയിച്ചതും ആയത് കമ്മീഷനെ അറിയിച്ചിട്ടുള്ളതും. കമ്മീഷൻ അഡ്വൈസ് |

| | | | |
|---|---|---|---|
| | | | ചെയ്തതും അഡ്വൈസ് ചെയ്തിട്ടും ജോലിക്ക് ചേരാതിരുന്നതുമായ ഒഴിവുകളും ഈ ഒഴിവുകളോടൊപ്പം കൂട്ടി തെറ്റായ രീതിയിൽ കണക്കെടുപ്പ് നടത്തിയതുമൂലം സംഭവിച്ച പിശകുമൂലമാണ് ഇത്രയും അധികം എണ്ണം ഒഴിവുകൾ കമ്മീഷനെ അറിയിക്കാനിടയായിട്ടുള്ളത്. തെറ്റായി റിപ്പോർട്ട് ചെയ്ത 8140 ഒഴിവുകളിലേക്ക് നിയമന ശുപാർശ നൽകരുതെന്നും യഥാർത്ഥത്തിൽ ഒഴിവുള്ള റിസർവ്വ് കണ്ടക്ടർമാരുടെ 3808 തസ്തികകളിലേക്ക് മാത്രം നിയമന ശുപാർശ നൽകുവാൻ നടപടി സ്വീകരിക്കാവൂ എന്നും കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനോട് കോർപ്പറേഷനും, ഗവൺമെന്റും അഭ്യർത്ഥിച്ചുവെങ്കിലും ആയത് നിരസിച്ചുകൊണ്ട് കമ്മീഷൻ 9300 പേർക്ക് നിയമന ശുപാർശ നൽകുകയാണുണ്ടായത്. അഡ്വൈസ് ലഭിച്ച 9300 പേരിൽ 8750 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 550 പേർക്ക് നിയമന ഉത്തരവ് നൽകുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. |
| (ബി) | ഇവർക്ക് എന്ന് നിയമനം നൽകുമെന്നും എത്ര ഒഴിവുകളാണ് 2016 മാർച്ച് 31നകം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ? | (ബി) | നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. 2016 മാർച്ച് 31-നകം റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളൊന്നും ഇല്ല. |

സെക്ഷൻ ഓഫീസർ